**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1101** | **11-02-2025 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 ൽ യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ മണ്ണെണ്ണ ലിറ്ററിന് എത്ര രൂപ സബ്സിഡിയാണ് മത്സ്യഫെഡ് നൽകിയിരുന്നതു എന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ, പ്രത്യേകിച്ച് മണ്ണെണ്ണയുടെ വില വർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. 2014 കാലഘട്ടത്തിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതു വിപണിയിലെ വില 52 രൂപയായിരുന്നതാണ് തുടർച്ചയായി വർധിപ്പിച്ച് നിലവിൽ 100.20 രൂപയായിട്ടുള്ളത്. ഇതിന് പുറമേ സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന സബ്സിഡി രഹിത മണ്ണെണ്ണക്കും വില വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായി. മാത്രവുമല്ല സബ്സിഡി രഹിത മണ്ണെണ്ണയുടെ ലഭ്യതയിൽ വലിയ വെട്ടിക്കുറവാണ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം എണ്ണ കമ്പനികൾക്ക് നൽകിയ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയമാണ് വില വർധനവിന്റെ മുഖ്യ കാരണം. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വില വർദ്ധനവ് പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ തകർച്ചക്ക് കാരണമാകും. പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ പിന്നോക്കാവസ്ഥയിലുള്ള ഒരു മേഖല എന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അത്രയും മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനോട് നേരിലും കത്തുകളിലൂടെയും ആവശ്യപ്പെട്ടിരുന്നു.<br><br>വില കുത്തനെ കൂട്ടിയതിനു പിന്നാലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതവും നിർത്തലാക്കുകയാണ്. കൂടുതൽ മണ്ണെണ്ണ ആവശ്യപ്പെട്ട് കേന്ദ്രത്തിന് നൽകിയ കത്തിന് മണ്ണെണ്ണയ്ക്ക് പകരം മത്സ്യബന്ധനത്തിന് പെട്രോൾ, ഡീസൽ, എൽ. പി. ജി. തുടങ്ങിയ ഇന്ധനങ്ങൾ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിനുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കണം എന്നാണ് കേന്ദ്രസർക്കാരിന്റെ നിലപാട്. സംസ്ഥാനത്തിന് ആവശ്യമുള്ള മണ്ണെണ്ണയുടെ രണ്ടോ മൂന്നോ ശതമാനം മാത്രമാണ് നിലവിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയുടെ ലഭ്യത ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് കീഴിലുള്ള മത്സ്യഫെഡിന് മണ്ണെണ്ണയുടെ മൊത്ത വിതരണത്തിനുള്ള ഡീലർഷിപ്പ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നേരിലും കത്തുകളിലൂടെയും ആവശ്യപ്പെട്ടിരുന്നു. കൂടാതെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് കേരളത്തിൽ നിന്നുള്ള എം. പി. മാരുടെ സമ്മേളനങ്ങളിലും മേൽപ്പറഞ്ഞ കാര്യങ്ങൾ നിരന്തരം അവതരപ്പിച്ച് വരുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമായെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഇതേ വരെ ഉണ്ടായിട്ടില്ല.<br><br>പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന മത്സ്യബന്ധനത്തിനുള്ള വെള്ള മണ്ണെണ്ണക്ക് ലിറ്ററിന് 25 രൂപ വീതം സബ്സിഡി ഡി.ബി.റ്റി. ആയി 2015 ജൂലൈ മാസം മുതൽ വിതരണം ചെയ്തു വരുന്നു. യാനങ്ങളുടെ എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് 10 HP വരെ 140 ലിറ്റർ, 10 HP മുതൽ 15 HP വരെ 150 ലിറ്റർ, 15 HP ക്ക് മുകളിൽ 190 ലിറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഉടമകൾക്ക് സബ്സിഡി നൽകുന്നത്. ഇതേ നിരക്കിലുള്ള സബ്സിഡിയാണ് നിലവിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും നൽകി വരുന്നത്. |
| (ബി) | നിലവിൽ മണ്ണെണ്ണ ലിറ്ററിന് എത്ര രൂപ സബ്സിഡിയാണ് മത്സ്യഫെഡ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ, പ്രത്യേകിച്ച് മണ്ണെണ്ണയുടെ വില വർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. 2014 കാലഘട്ടത്തിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതു വിപണിയിലെ വില 52 രൂപയായിരുന്നതാണ് തുടർച്ചയായി വർധിപ്പിച്ച് നിലവിൽ 100.20 രൂപയായിട്ടുള്ളത്. ഇതിന് പുറമേ സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന സബ്സിഡി രഹിത മണ്ണെണ്ണക്കും വില വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായി. മാത്രവുമല്ല സബ്സിഡി രഹിത മണ്ണെണ്ണയുടെ ലഭ്യതയിൽ വലിയ വെട്ടിക്കുറവാണ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ |

വില നിർണ്ണയാവകാശം എണ്ണ കമ്പനികൾക്ക് നൽകിയ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയമാണ് വില വർധനവിന്റെ മുഖ്യ കാരണം. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വില വർദ്ധനവ് പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ തകർച്ചക്ക് കാരണമാകും. പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ പിന്നോക്കാവസ്ഥയിലുള്ള ഒരു മേഖല എന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അത്രയും മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനോട് നേരിലും കത്തുകളിലൂടെയും ആവശ്യപ്പെട്ടിരുന്നു.

വില കുത്തനെ കൂട്ടിയതിനു പിന്നാലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതവും നിർത്തലാക്കുകയാണ്. കൂടുതൽ മണ്ണെണ്ണ ആവശ്യപ്പെട്ട് കേന്ദ്രത്തിന് നൽകിയ കത്തിന് മണ്ണെണ്ണയ്ക്ക് പകരം മത്സ്യബന്ധനത്തിന് പെട്രോൾ, ഡീസൽ, എൽ. പി. ജി. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിനുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കണം എന്നാണ് കേന്ദ്രസർക്കാരിന്റെ നിലപാട്. സംസ്ഥാനത്തിന് ആവശ്യമുള്ള മണ്ണെണ്ണയുടെ രണ്ടോ മൂന്നോ ശതമാനം മാത്രമാണ് നിലവിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയുടെ ലഭ്യത ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് കീഴിലുള്ള മത്സ്യഫെഡിന് മണ്ണെണ്ണയുടെ മൊത്ത വിതരണത്തിനുള്ള ഡീലർഷിപ്പ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നേരിലും കത്തുകളിലൂടെയും ആവശ്യപ്പെട്ടിരുന്നു. കൂടാതെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് കേരളത്തിൽ നിന്നുള്ള എം. പി. മാരുടെ സമ്മേളനങ്ങളിലും മേൽപ്പറഞ്ഞ കാര്യങ്ങൾ നിരന്തരം അവതരപ്പിച്ച് വരുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമായെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഇതേ വരെ ഉണ്ടായിട്ടില്ല.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന മത്സ്യബന്ധനത്തിനുള്ള വെള്ള മണ്ണെണ്ണക്ക് ലിറ്ററിന് 25 രൂപ വീതം സബ്സിഡി ഡി.ബി.റ്റി. ആയി 2015 ജൂലൈ മാസം മുതൽ വിതരണം ചെയ്തു വരുന്നു.

| | | | |
|---|---|---|---|
| | | | യാനങ്ങളുടെ എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് 10 HP വരെ 140 ലിറ്റർ, 10 HP മുതൽ 15 HP വരെ 150 ലിറ്റർ, 15 HP ക്ക് മുകളിൽ 190 ലിറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഉടമകൾക്ക് സബ്സിഡി നൽകുന്നത്. ഇതേ നിരക്കിലുള്ള സബ്സിഡിയാണ് നിലവിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ